കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - പത്തനംതിട്ട ജില്ലാപഞ്ചായത്ത് - അപ്പർ കുട്ടനാട് പ്രദേശത്ത് നെൽക്കൃഷിക്ക് നെൽവിത്ത് വാങ്ങുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

സ.ഉ(സാധാ)നം.638/2018/തസ്വഭവ    തിരുവനന്തപുരം, തീയതി, 07.03.2018.

---

വായന : 1) പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 17.01.2018-ലെ 75/18-ാം നമ്പർ കത്തും 26.12.2017-ലെ IV(4) -ാം നമ്പർ ഭരണസമിതി തീരുമാനവും

2) സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 06.02.2018 ലെ 4.39 നമ്പർ യോഗതീരുമാനം

ഉത്തരവ്

അപ്പർ കുട്ടനാട് പ്രദേശങ്ങൾ ഉൾപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ നെൽക്കൃഷിക്ക് നെൽവിത്ത് സബ്സിഡി നൽകാൻ ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഗ്രാമപഞ്ചായത്തുകൾ വഴി തുക ചെലവഴിക്കുന്നതിന് അനുവാദം നല്കണമെന്നും കേരള സീഡ്സ് അതോറിറ്റി, നാഷണൽ സീഡ്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യ, കർണ്ണാടക സീഡ്സ് അതോറിറ്റി എന്നീ സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് കഴിഞ്ഞ വർഷങ്ങളിലുള്ള മാനദണ്ഡപ്രകാരം ഒരു ഹെക്ടർ നെൽകൃഷിക്ക് 100% നെൽവിത്ത് സബ്സിഡി പ്രകാരം വിതരണം ചെയ്യുന്നതിന് ആവശ്യമായ 4000-/രൂപ നിരക്കിൽ നെൽവിത്ത് വാങ്ങുന്നതിന് അനുമതി നല്കണമെന്നും വായന 1 ലെ കത്ത് പ്രകാരം പത്തനംതിട്ട ജില്ലാപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിക്കുകയുണ്ടായി.

2) ഇക്കാര്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരിശോധിച്ചു. കമ്മിറ്റിയുടെ വായന (2) ലെ തീരുമാന പ്രകാരം കൃഷി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ നെൽ വിത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തി കേരള സീഡ്സ് അതോറിറ്റി, കാർഷിക സർവകലാശാല എന്നിവിടങ്ങളിൽ നിന്നോ കേരളത്തിൽ മറ്റ് സ്ഥലങ്ങളിൽ നിന്നോ വാങ്ങണം എന്ന നിബന്ധനയോടെ അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത്, പത്തനംതിട്ട
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ചെയർമാൻ, സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ് ,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
(ഒപ്പ്)
സെക്ഷൻ ഓഫീസർ